മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസിദ്ധപ്പെടുത്തും.

ശ്രീ. ടി. കെ. ദിവാകരൻ : ഈ നിയമസഭയിൽ അതിനെപ്പറ്റി ചർച്ചയ്ക്ക് സൗകര്യം ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടിനെപ്പറ്റിയുള്ള കാര്യങ്ങൾ പരിശോധിച്ച് മനസ്സിലാക്കിയതിനുശേഷമേ ഇക്കാര്യം പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സെഷൻ അവസാനിക്കുന്നതിനു മുൻപ് റിപ്പോർട്ട് ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സെഷൻ തീരുന്നതിനുമുൻപ് പറയാൻ സൗകര്യപ്പെടുകയില്ല.

SHRI A. A. D. LUIZ : Why does the Pay Commission refuse to consider the salaries of the Mascot Hotel staff ?

SHRI PANAMPILLI GOVINDA MENON : I have no information.

ശ്രീ. പി. നാരായണൻ പോറ്റി : പേക്കമ്മീഷന്റെ ശുപാർശകളെ അവിലംഘിച്ച് ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. നാരായണൻപോറ്റി : ഈ സംസ്ഥാനത്ത് 1000രൂപയ്ക്കു മേൽ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാൻ പാടില്ലെന്ന് പേക്കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളതിനെ വിഗണിച്ച് ഇപ്പോൾ ഹൈക്കോടതിയിലും മറ്റും ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതായി കണ്ടു. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 1000 രൂപയ്ക്കുമേൽ ശമ്പളം ഒരു ഉദ്യോഗസ്ഥനും കൊടുക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പേക്കമ്മീഷനല്ല, ഗവണ്മെന്റാണ്.

ശ്രീ. എം. വി. ചെറിയാൻ : കണ്ടിൻജൻസി ജീവനക്കാരുടെ കാര്യം പേക്കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അറിഞ്ഞുകൂടാ.

മനഃസിപ്പാലിറ്റീസ് ആക്റ്റ്

* 262. [17] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ടിൽ ഭേദഗതികൾ വരുത്തുവാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മദിരാശിയിൽ ഈയിടെ മുനിസിപ്പൽ ചെയർമാന് കൂടുതൽ അധികാരങ്ങൾ നൽകിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതുപോലുള്ള ഒരു നടപടി എടുക്കുവാൻ അടിയന്തിരമായി ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്റ്റിൽ ഭേദഗതികൾ വരുത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) മദിരാശിയിൽ ഈയിടെ മുനിസിപ്പൽ ചെയർമാന് കൂടുതൽ അധികാരങ്ങൾ നൽകിയ വിവരം ഗവണ്മെന്റിനു അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. പ്രകാശം: (ബി) ഉത്തരം അറിവില്ല എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പത്രം വായിക്കാറില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പത്രം വായിക്കാറുണ്ട്. അധികൃതമായ അറിവ് ഇല്ലാ എന്നാണ് പറഞ്ഞത്.

സ്വാതിതിരുനാൾ സംഗീതവിദ്യാലയം.

*263. [18] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്വാതിതിരുനാൾ സംഗീത വിദ്യാലയത്തിനുവേണ്ടി 1954–55– ചെലവെത്ര; വരവെത്ര;

(ബി) പ്രസ്തുത വിദ്യാലയത്തിലെ പ്രിൻസിപ്പാളാര്; അദ്ദേഹത്തിന്റെ പരീക്ഷായോഗ്യത എന്ത്; ശമ്പളം എത്ര;

(സി) ഈ വർഷത്തിലെ വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥികൾക്കു പ്രവേശനത്തിനുള്ള കുറഞ്ഞ യോഗ്യതയെന്ത്;

(ഡി) പഠിക്കുന്ന കുട്ടികളുടേയും അദ്ധ്യാപകരുടേയും ജാതി തിരിച്ചുള്ള തുക എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സ്വാതി തിരുനാൾ സംഗീത വിദ്യാലയത്തിനുവേണ്ടി, 1954–55–ൽ ചെലവായതു് 46,528 രൂപ, വരവു് 5920 രൂപ.

(ബി) പ്രസ്തുത വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ രാജ്യസേവാനിരതൻ ശെമ്മാംകുടി ആർ. ശ്രീനിവാസയ്യർ. അദ്ദേഹം തെക്കേ ഇൻഡ്യയിലെ ഒരു പ്രശസ്ത സംഗീതജ്ഞനാണു്. മദിരാശി സംഗീത അക്കാഡമിയിലെ 'സംഗീത കലാനിധി' എന്ന മുദ്ര സമ്പാദിച്ചിട്ടുണ്ടു്. പ്രശസ്ത സംഗീതജ്ഞന്മാർക്കു് ഇൻഡ്യൻ പ്രസിഡന്റ് നൽകിവരാറുള്ള ബഹുമതി അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശമ്പളം, 750 രൂപ.

(സി) ഈ വർഷത്തിലെ വിദ്യാർത്ഥികൾ, 168. വിദ്യാർത്ഥികൾക്കു് 13 വയസ്സു കഴിഞ്ഞിരിക്കുകയും, 21 വയസ്സിൽ കൂടാതിരിക്കുകയും വേണം. മലയാളമോ, തമിഴോ ഏഴാം ക്ലാസ്സുവരെയോ, ഇംഗ്ലീഷ് മിഡ്ൽ ഫാറം വരെയോ പഠിച്ചിരിക്കുകയോ വേണം. സംസ്കൃതം

LIBRARY ARCHIVES Kerala Legislative Assembly